29.	കയിലോൺ മെഡിക്കൽ ലൈബ്രറി, ഡോക്ടേഴ്സ് റിക്രിയേഷൻ ക്ലബ്	50,000 രൂപ
30.	പി. ടി. ചാക്കോ മെമ്മോറിയൽ, എച്ച്. എസ്. പുളിക്കല്ല്, കോട്ടയം	50,000 ,,
31.	ഹൈസ്കൂൾ മണിയാർ, പത്തനംതിട്ട	50,000 ,,
32.	ഗവ. എച്ച്. എസ്. കലവൂർ, ആലപ്പുഴ	50,000 ,,
33.	വയനാട് മുസ്ലീം ഓർഫനേജ് എച്ച്. എസ്., വയനാട്	50,000 ,,
34.	ഗവ. ഗണപത് എച്ച്. എസ്., ഫറൂക്ക്, കോഴിക്കോട്	50,000 ,,
35.	ബഥനി കോൺവെൻറ് നങ്ങ്യാർകുളങ്ങര, ആലപ്പുഴ	38,000 ,,
36.	എസ്. ബി. ടി. എം. ഹൈസ്കൂൾ, തായ്നേരി, കണ്ണൂർ	50,000 ,,
37.	സെൻറ് സെബാസ്റ്റ്യൻസ് എച്ച്. എസ്. മേമാടം, മൂവാറ്റുപുഴ	1,40,000 ,,
38.	മാതാനഗർ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കൊച്ചി	1,37,000 ,,
39.	എം. ജെ. എച്ച്. എസ്. ഏലാട്ടിൽ, കോഴിക്കോട്	1,35,000 ,,
40.	സെൻറ് ജോസഫ് യു. പി. സ്കൂൾ, ഞാറ്റുതോവള, ഇടുക്കി	1,00,000 ,,
41.	സെൻറ് തോമസ് ഹൈസ്കൂൾ, ഇരട്ടയാർ, ഇടുക്കി	50,000 ,,
42.	ചപ്പാരപ്പടവ് ഹൈസ്കൂൾ, ചപ്പാരപ്പടവ്, കണ്ണൂർ	2,60,000 ,,
43.	സെൻറ് ജോസഫ് ഹൈസ്കൂൾ, കൂവപ്പള്ളി, കോട്ടയം	2,16,000 ,,
44.	സെൻറ് ജോസഫ്സ് ഹൈസ്കൂൾ, പായിപ്പാട് നാലുകോടി, കോട്ടയം	50,000 ,,
	ആകെ	44,27,048 ,,

വനം വകുപ്പു വിജിലൻസിന്റെ പ്രവർത്തനങ്ങൾ

2020 [3130] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പു വിജിലൻസ് കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ഫോറസ്റ്റ് ആക്ടിലെ 61 (എ) പ്രകാരം വിവിധ കേസുകളിലായി എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിനുള്ളിൽ അനധികൃതമായി ശേഖരിച്ച എത്ര ലക്ഷം രൂപയുടെ വനോൽപ്പന്നങ്ങൾ കണ്ടെടുത്തിട്ടുണ്ട്;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്രപേരെ ശിക്ഷിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 255 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്.

(ബി) 38,28,336 രൂപയുടെ വനോൽപ്പന്നങ്ങൾ കണ്ടെടുത്തിട്ടുണ്ട്.

(സി) 1937 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശിക്ഷിച്ചിട്ടുള്ള കേസുകളുടെ വിവരം ശേഖരിച്ചുവരുന്നു.

വനം വകുപ്പു വിജിലൻസിനു ലഭിച്ച പരാതികൾ

2021 [3131] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പു വിജിലൻസിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) അതിൽ എത്ര എണ്ണത്തിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ട്?

ഉത്തരം

(എ) 3995

(ബി) 3614

അനധികൃതമായി തടികൾ മുറിച്ചുനീക്കം ചെയ്യൽ

2022 [3132] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) തൊണ്ടി തടികൾ നീക്കം ചെയ്യാനുള്ള പാസ്സുകൾ ഉപയോഗിച്ച് അനധികൃതമായി തടികൾ മുറിച്ചു നീക്കം ചെയ്ത വകയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയുടെ തടികൾ പിടിക്കപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) തൽഫലമായി സർക്കാരിനുണ്ടായ നഷ്ടമെത്ര?

ഉത്തരം

(എ) 17,600 രൂപ വിലയ്ക്കുള്ള തടികൾ.

(ബി) രണ്ടു കേസ്സുകൾ.

(സി) അനധികൃതമായി മുറിച്ചുനീക്കം ചെയ്ത തടികൾ പിടിച്ചെടുത്തതുകൊണ്ട്; അവയുടെ വില നഷ്ടമായി കണക്കാക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly